കണക്കുകൾ ആഡിറ്റിന് സമർപ്പിക്കാത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുമേൽ സ്വീകരിച്ച നടപടി

115 [1638] ശ്രീമതി ശോഭനാ ജോർജ് :
ശ്രീ. ലൂഡി ലൂയിസ്:
,, എം. മുരളി :
,, വി. ഡി. സതീശൻ:
ശ്രീമതി രാധാരാഘവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഏതെല്ലാം വർഷങ്ങളിലാണ് ജനകീയാസൂത്രണം നിലനിന്നിരുന്നത്;

(ബി) പ്രസ്തുത കാലത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വരവുചെലവു കണക്കുകൾ പൂർണ്ണമായും ആഡിറ്റ് ചെയ്തിട്ടുണ്ടോ ;

(സി) എത്ര തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഇക്കാലത്തെ മുഴുവൻ കണക്കുകളും ഭാഗികമായ കണക്കുകളും ആഡിറ്റിന് സമർപ്പിക്കാതിരുന്നിട്ടുണ്ട്;

(ഡി) കണക്കുകൾ ആഡിറ്റിന് സമർപ്പിക്കാത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെമേൽ എന്തെല്ലാം നടപടികളാണെടുക്കാവുന്നത്;

(ഇ) ജനകീയാസൂത്രണകാലത്തെ കണക്കുകൾ ആഡിറ്റിന് സമർപ്പിക്കാത്ത എത്ര തദ്ദേശഭരണ സ്ഥാപനങ്ങളുടെമേൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

ഉത്തരം

(എ) 1996-97 മുതൽ 2001-2002 വരെയുള്ള വർഷങ്ങളിലാണ് സംസ്ഥാനത്ത് ജനകീയാസൂത്രണം നിലനിന്നിരുന്നത്.

(ബി) പൂർണ്ണമായും ആഡിറ്റ് ചെയ്തിട്ടില്ല.

(സി) വാർഷിക കണക്കുകൾ ഓഡിറ്റിന് സമർപ്പിക്കാൻ അവശേഷിക്കുന്ന സ്ഥാപനങ്ങളുടെ വിവരം അനുബന്ധം ഒന്നിൽ ചേർത്തിട്ടുണ്ട്.†

(ഡി) 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റ് പ്രകാരം നിശ്ചിതസമയത്തിനുള്ളിൽ അക്കൗണ്ട്സ് തയ്യാറാക്കി ഓഡിറ്റിന് സമർപ്പിക്കുന്നതിന് വീഴ്ച വരുത്തുന്ന എക്സിക്യൂട്ടീവ് അതോറിറ്റിക്കെതിരെ 1,000 രൂപയിൽ കുറയാത്തതും 3,000 രൂപയിൽ അധികരിക്കാത്തതുമായ പിഴശിക്ഷ നൽകാവുന്നതാണ്. ഇതിനു മുൻപായി തദ്ദേശസ്വയംഭരണ സ്ഥാപനാധികൃതർക്ക് ആക്ട് 9 (3) വകുപ്പ് പ്രകാരമുള്ള കാരണം കാണിക്കൽ നോട്ടീസ് നൽകി മറുപടിക്കായി 15 ദിവസം വരെ സാവകാശം അനുവദിക്കാവുന്നതുമാണ്.

† അനുബന്ധം V.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ജനകീയാസൂത്രണകാലത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ വാർഷികകണക്കുകൾ സമർപ്പിക്കാത്ത എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും കാരണം കാണിക്കൽ നോട്ടീസ് നൽകിയിട്ടുണ്ട്.

സംസ്ഥാന സർക്കാർ പഞ്ചായത്ത് രാജ് നഗരപാലിക സ്ഥാപനങ്ങൾക്ക് നൽകിയ തുക

116 [1639] ശ്രീ. പി. ടി. തോമസ്:
,, ടി. യു. രാധാകൃഷ്ണൻ:
,, ജോർജ് ജെ. മാത്യു :
ശ്രീമതി മേഴ്സി രവി :
,, ശോഭനാ ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1996-2001 കാലഘട്ടത്തിലെ ആദ്യത്തെ നാലുവർഷം സംസ്ഥാന ഗവൺമെന്റ് പഞ്ചായത്ത്രാജ് നഗരപാലിക സ്ഥാപനങ്ങൾക്ക് എത്ര തുകയാണ് നൽകിയത് :

(ബി) തുടർന്നുവന്ന ഗവൺമെന്റിന്റെ കാലഘട്ടത്തിൽ ഗവൺമെന്റ് എത്ര തുകയാണ് പ്രസ്തുത സ്ഥാപനങ്ങൾക്ക് നൽകിയത് ?

ഉത്തരം

(എ) 1997-98 മുതൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ലഭിച്ച പദ്ധതി വിഹിതം

1997-98	749 കോടി രൂപ
1998-99	950 കോടി രൂപ
1999-2000	1020 കോടി രൂപ
2000-2001	783.75 കോടി രൂപ

(ബി) 2001-02 വർഷം മുതൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ലഭിച്ച പദ്ധതി വിഹിതം

2001-2002	637.50 കോടി രൂപ
2002-2003	1006.50 കോടി രൂപ
2003-2004	1454.45 കോടി രൂപ
2004-2005	951.60 കോടി രൂപ

(ജനുവരി വരെ)

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം V

[2-3-2005-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 115 (1638)-ന്റെ ഉത്തരം ദയവായി കാണുക]

വാർഷിക കണക്കുകൾ ഓഡിറ്റിന് സമർപ്പിക്കാൻ അവശേഷിക്കുന്ന സ്ഥാപനങ്ങൾ

വർഷം	ഗ്രാമ പഞ്ചായത്ത്	ബ്ലോക്ക് പഞ്ചായത്ത്	ജില്ലാ പഞ്ചായത്ത്	മുനിസിപ്പാലിറ്റി	കോർപ്പറേഷൻ
1996-97	120	12	1	10	..
1997-98	188	13	2	16	1
1998-99	207	33	1	12	1
1999-2000	211	42	1	20	1
2000-01	277	51	4	30	4
2001-02	395	89	5	36	4

അനുബന്ധം VI

[2-3-2005-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 138 (1665)-ന്റെ ഉത്തരം ദയവായി കാണുക]

RECOMMENDATION OF THE DISTRICT LEVEL COMPLAINT COMMITTEE OF WOMEN AGAINST SEXUAL HARASSMENT AT WORK PLACES

The Committee received a report from the Chairperson Women's Cell, Medical College, Thiruvananthapuram based on the complaint from the complainents, lady doctors of Micro-Biology Department regarding the misbehaviour and sexual harassment of an officer S. Gopakumaran Nair, Senior Scientific Officer, AIDS Surveillants Centre (renamed as Voluntary Counselling and Testing Centre), Medical College, Thiruvananthapuram.

The accused officer was given opportunity to appear before the committee to detect the veracity of the complaint.

LIBRARY ARCHIVES Kerala Legislative Assembly